# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **278**

**20-06-2014 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ താങ്ങുവില വർദ്ധനവ്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയിട്ടുള്ള വർദ്ധനവിനെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 31-08-2011 ലെ സ.ഉ (എം.എസ്) 214/2011/കൃഷി പ്രകാരം നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 14 രൂപയിൽ നിന്നും വർദ്ധിപ്പിച്ച് 15 രൂപയാക്കി. തുടർന്ന് 27-09-2012 ലെ സ.ഉ (എം.എസ്) 27/2012/ഭ.സി.സ.വ പ്രകാരം 2012 ൽ കിലോയ്ക്ക് 17 രൂപയാക്കുകയും 24-09-2013 ലെ സ.ഉ (എം.എസ്) 47/2013/ഭ.സി.സ.വ പ്രകാരം 2013 ൽ 18 രൂപയാക്കുകയും 03-03-2014 ലെ സ.ഉ (എം.എസ്) 9/2014/ഭ.സി.സ.വ പ്രകാരം 2014 ൽ കിലോയ്ക്ക് 19 രൂപയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏറ്റവും ഒടുവിലത്തെ രാസവള വിലവർദ്ധന, കൂലി വർദ്ധന എന്നിവയുമായി തട്ടിച്ചുനോക്കുമ്പോൾ താങ്ങുവിലയിൽ വരുത്തിയ വർദ്ധനവ് തൃപ്തികരമാണോ; | (ബി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന എം.എസ്.പി പദ്ധതിയിൽ നെല്ലിന്റെ താങ്ങുവില അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള കർഷകരിൽ നിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചുവരുന്നു. സംഭരിച്ച നെല്ലിന്റെ എം.എസ്.പി തുക സപ്ലൈകോയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന സംഭരണ വിലയും കേന്ദ്ര സർക്കാരിന്റെ എം.എസ്.പി യും തമ്മിലുള്ള വ്യത്യാസം സംസ്ഥാന സർക്കാർ വഹിക്കുന്നു. രാസവള വില വർദ്ധന, കൂലി വർദ്ധന |

| | | | |
|---|---|---|---|
| | | | എന്നിവയോടൊപ്പം വർദ്ധിച്ചുവരുന്ന നെല്ലിന്റെ കൃഷി ചെലവിനനുസൃതമായി സംസ്ഥാന സർക്കാർ നെല്ലിന് ആകർഷകമായ താങ്ങുവിലയാണ് പ്രഖ്യാപിച്ചു നൽകി വരുന്നത്. |
| (സി) | നെൽകൃഷി അഭിവൃദ്ധി പ്പെടുത്തുന്നതിനായി നെല്ലിന്റെ താങ്ങുവില കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നെല്ലിന്റെ താങ്ങുവില കാലോചിതമായി വർദ്ധിപ്പിച്ചു വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് എം.എസ്.പി യായി 13.10 രൂപ നൽകുമ്പോൾ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ 19 രൂപ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ